ചെയ്ത സമയത്ത് ഞങ്ങളൊക്കെ വിദ്യാർത്ഥികളായിരുന്നു, അന്ന് ഞങ്ങൾ എത്രയോ സമരങ്ങൾ നടത്തിയിട്ടുണ്ട്. അന്ന് ഇതുപോലെയുള്ള കള്ളക്കേസുകളൊന്നും എടുത്തിട്ടില്ല. ഇതുപോലെയുള്ള വിദ്യാർത്ഥി വേട്ടകൾ ഉണ്ടായിട്ടില്ല. പ്രാകൃത യുഗത്തിലേക്കാണോ നമ്മൾ പോകുന്നത് ? ഇതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(ഡോ. എ. നീലലോഹിതദാസൻ നാടാരും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. എ. എ. അസീസ് : സർ, കച്ചവടക്കാരുടെയും അഴിമതിക്കാരുടെയും കൂത്തരങ്ങായി മാറിയ വിദ്യാഭ്യാസ നയത്തിനെതിരെയാണ് വിദ്യാർത്ഥികൾ സമരം ചെയ്യുന്നത്. സമ്പന്ന ന്യൂനപക്ഷത്തിന് മാത്രം കടന്നുചെല്ലാവുന്ന നിലയിലേയ്ക്ക് ഉന്നതവിദ്യാഭ്യാസം അധപതിച്ചിരിക്കുകയാണ്. ആ നിലയിൽ സമരം ചെയ്യുന്ന വിദ്യാർത്ഥികളെ അതിഹീനമായും ക്രൂരമായും മർദ്ദിക്കുകയും ജയിലിൽ അടയ്ക്കുകയും ചെയ്യുന്ന ഈ ഗവൺമെന്റിന്റെ നയത്തിൽ പ്രതിഷേധിച്ച് ഞാനും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. എ. എ. അസീസും സഭവിട്ട് പുറത്തുപോയി)

(സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുള്ളിൽ സഭയിൽ വീണ്ടും ഹാജരായി.)

III ശ്രദ്ധക്ഷണികകൾ

(1) മലബാർ മേഖലയിൽ ക്ഷേത്രജീവനക്കാർ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, മലബാർ മേഖലയിലെ ക്ഷേത്രങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ നില വളരെ വളരെ ദയനീയമാണ്. സാധാരണ ഒരു തൊഴിലാളിക്ക് ഒരു ദിവസം കിട്ടുന്ന വേതനം പോലും ഒരു മാസത്തിൽ കിട്ടാത്ത പരമദരിദ്രരായ ഒരു വിഭാഗമാണ് മലബാർ മേഖലയിലെ ക്ഷേത്രങ്ങളിൽ ജോലി ചെയ്യുന്ന ബഹുഭൂരിപക്ഷം വരുന്ന ജീവനക്കാരും. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലയിലെ നാട്ടിക താലൂക്ക് എന്നീ പ്രദേശങ്ങളിൽ ജോലി ചെയ്യുന്നവർക്ക് സംരക്ഷണം നൽകുന്ന യാതൊരു വ്യവസ്ഥയും ഇന്ന് നിലവിലില്ല. എച്ച്.ആർ. ആന്റ് സി.ഇ.-യുടെ കീഴിൽ 1300 ക്ഷേത്രങ്ങളുണ്ട്. 4000-ത്തോളം സ്വകാര്യക്ഷേത്രങ്ങളുണ്ട്. ഇതിലെല്ലാം ചേർന്ന് 13,000-ത്തോളം ജീവനക്കാരുണ്ട്. എച്ച്.ആർ.ആന്റ് സി.ഇ. ഉണ്ടെങ്കിലും സാമ്പത്തിക വിനിമയം, നിയമനങ്ങൾ, ശിക്ഷാനടപടികൾ എന്നിവയെല്ലാം പാരമ്പര്യ ട്രസ്റ്റികളുടെ നിയന്ത്രണത്തിലാണ്. മലബാറിലെ ക്ഷേത്രജീവനക്കാരുടെ ജീവിത രീതിയും വേതനവും വളരെ പരിതാപകരമായി നിൽക്കുന്ന ഈ സാഹചര്യത്തിൽ അവർക്ക് സംരക്ഷണം നൽകാൻ ആവശ്യമായിട്ടുള്ള നടപടി സ്വീകരിക്കണം. പാരമ്പര്യ ട്രസ്റ്റികളുടെ നിയന്ത്രണത്തിലാണ് എല്ലാ കാര്യങ്ങളും നടക്കുന്നത്. പല സ്ഥലത്തും കോഴ വാങ്ങി നിയമനങ്ങൾ നടക്കുകയാണ്. ഉദാഹരണത്തിന്, സാമൂതിരി മാനേജ്മെന്റ് തന്നെയാണ്. എച്ച്.ആർ.ആന്റ് സി.ഇ. വ്യവസ്ഥ

LIBRARY ARCHIVES Kerala Legislative Assembly

പ്രകാരമുള്ള ശമ്പളം പോലും ഇവർക്ക് ലഭിക്കുന്നതിനാവശ്യമായിട്ടുള്ള ഉറപ്പ് നൽകുന്നതിന് കഴിയുന്നില്ല. കാലാകാലങ്ങളിൽ ക്ഷേത്രങ്ങളിലെ വരുമാനം വർദ്ധിച്ചിട്ടും ജീവനക്കാരുടെ ഗ്രേഡ് പുനർനിർണ്ണയിക്കാനോ ശമ്പള സ്കെയിൽ അതിനനുസരിച്ച് പുതുക്കി നിശ്ചയിക്കുന്നതിനോ എച്ച്.ആർ.ആന്റ് സി. ഇ. തയ്യാറാകുന്നില്ല. വിശ്വാസികൾ ആരാധിക്കുന്ന പ്രതിഷ്ഠയ്ക്ക് ചൈതന്യം ഉണ്ടാക്കുന്നത് അവിടെയുള്ള അടിച്ചുതളി, മാലകെട്ട്. വാദ്യംകൊട്ട്, പൂജ എന്നിവയാണ്. ഇവരുടെ അദ്ധ്വാനത്തിന്റെ ഫലമായിട്ടാണ് പ്രതിഷ്ഠയ്ക്ക് പോലും ചൈതന്യം ഉണ്ടാകുന്നത്. എന്നാൽ ഈ ജോലി ചെയ്യുന്ന ആളുകൾക്ക് ഒരു പരിരക്ഷയും നൽകുന്നില്ല എന്നുള്ളതാണ് സ്ഥിതി. ക്ഷേത്രങ്ങളിൽ പല ആവശ്യങ്ങൾക്കും വേണ്ടി പ്രശ്നം വയ്ക്കാറുണ്ട്. താംബൂല പ്രശ്നം, സ്വർണ്ണ പ്രശ്നം മുതലായവ. ക്ഷേത്രങ്ങളിലെ പ്രതിഷ്ഠയ്ക്ക് ചൈതന്യം ഉണ്ടാകുന്നതിന് വേണ്ടി ജോലി ചെയ്യുന്ന ജീവനക്കാർക്ക് അവരുടെ ദാരിദ്ര്യത്തിന്റെ ഭാഗമായി ഏതെങ്കിലും തരത്തിലുള്ള ദൈവകോപമുണ്ടോ എന്ന് നോക്കാൻ തെക്കൻ കേരളത്തിലോ മലബാർ മേഖലയിലോ ഒരൊറ്റ ക്ഷേത്ര മാനേജ്മെന്റും ഇന്നുവരെ പ്രശ്നം വച്ചതായി അറിയില്ല. തിരു-കൊച്ചി, തിരുവിതാംകൂർ ഭാഗങ്ങളിൽ ജീവനക്കാർക്ക് പരിരക്ഷ നൽകുന്നുണ്ട്. മലബാറിലെ ക്ഷേത്ര ജീവനക്കാർക്ക് പരിരക്ഷ നൽകുന്നതിന് ആവശ്യമായ നടപടി, അവരെ സംരക്ഷിക്കുന്നതിനാവശ്യമായ നിലപാട് ഗവൺമെന്റ് സ്വീകരിക്കണം. വളരെ മാനുഷികമായ പരിഗണന വച്ച് ഈ പ്രവർത്തനങ്ങൾ ഗവൺമെന്റ് കാണണം. അവർക്ക് സംരക്ഷണം നൽകാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.ജി. കാർത്തികേയൻ) : സർ, തിരുവിതാംകൂർ-കൊച്ചി മേഖലയിലേതിനേക്കാൾ വ്യത്യസ്തമാണ് മലബാർ മേഖലയിലെ ക്ഷേത്രങ്ങളുടെയും ക്ഷേത്ര ജീവനക്കാരുടെയും സ്ഥിതി. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ശരിയാണ്. ആ പ്രദേശങ്ങളിലെ ക്ഷേത്ര ജീവനക്കാരുടെ മാത്രമല്ല, ക്ഷേത്രത്തിനകത്ത് കുടികൊള്ളുന്ന ദൈവങ്ങളുടെയും സ്ഥിതി പരമദയനീയമാണ്. കാരണം സർവ്വാഭരണവിഭൂഷിതരായിരിക്കുന്ന ദേവീദേവൻമാരൊന്നുമല്ല മലബാറിലെ മിക്കവാറുമുള്ള ക്ഷേത്രങ്ങളിൽ. അവിടെ ജീവനക്കാരുടെ സ്ഥിതിയും വളരെ മോശമാണ്. വളരെ നിസ്സാരമായ ശമ്പളം കൊണ്ടാണ് മലബാർ മേഖലയിലെ എച്ച്.ആർ ആന്റ് സി.ഇ.-യുടെ കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർ അവരുടെ ദൈനംദിന ജീവിതം മുന്നോട്ട് കൊണ്ടുപോകുന്നത്. എച്ച്.ആർ ആന്റ് സി.ഇ.-യുടെ കൺട്രോളിലാണെങ്കിലും ക്ഷേത്രവുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാം അവിടുത്തെ പാരമ്പര്യ ട്രസ്റ്റികളാണ് നടത്തുന്നത്. പാരമ്പര്യ ട്രസ്റ്റികളോടൊപ്പംതന്നെ ചില അമ്പലങ്ങളിൽ പാരമ്പര്യേതര ട്രസ്റ്റികളുമുണ്ട്. ഒരുപാട് കാര്യങ്ങളിൽ നിയമന അധികാരം വരെ നിലവിലുള്ള സംവിധാനമനുസരിച്ച് പാരമ്പര്യ ട്രസ്റ്റികൾക്കാണ്. അവരുടെ നേതൃത്വത്തിൻ കീഴിലുള്ള ക്ഷേത്ര ഭരണത്തെക്കുറിച്ച് ഈ സന്ദർഭത്തിൽ കൂടുതലായിട്ടൊന്നും ഞാൻ പരാമർശിക്കുന്നില്ല. ക്ഷേത്രങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും സംരക്ഷിക്കുന്നതോടൊപ്പമോ അതിനപ്പുറമോ ചില ട്രസ്റ്റികൾക്ക് മറ്റ് ചില താൽപ്പര്യങ്ങൾ കൂടിയുണ്ടെന്ന് മാത്രമേ മിതമായ ഭാഷയിൽ ഞാൻ ഇവിടെ പറയുന്നുള്ളു. മഹത്തായ ക്ഷേത്ര സങ്കൽപ്പത്തിന് അനുസൃതമായി ഇനിയും

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ പല ക്ഷേത്രട്രസ്റ്റികളും പ്രവർത്തിക്കേണ്ടതുണ്ട് എന്നാണ് ഗവൺമെന്റിന്റെയും മന്ത്രി എന്നുള്ള നിലയിൽ എന്റെയും ഉറച്ച അഭിപ്രായം എന്നുള്ളത് ഞാൻ അങ്ങയുടെ സാന്നിദ്ധ്യത്തിൽ ഈ സഭയെ അറിയിക്കുകയാണ്. ജീവനക്കാരുടെ കാര്യത്തിൽ, 1995 ജനുവരി മാസം 1-ാം തീയതിയാണ് അവസാനമായി അവിടെ ക്ഷേത്ര ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം നടന്നത്. പരിഷ്ക്കരണം എന്നുപറയുന്നത് കാര്യമായ പരിഷ്ക്കരണമൊന്നുമല്ല. ഒരു കോടി രൂപയാണ് ഗവൺമെന്റ് ശമ്പളത്തിന് ഗ്രാന്റായി നൽകുന്നത്. ഇത് വളരെ മുൻപുള്ളതാണ്. അതുകൊണ്ട് ഒന്നും സാദ്ധ്യമല്ല. തീർച്ചയായിട്ടും അതിനുള്ള ശ്രമങ്ങളുമായി ദേവസ്വം ഇപ്പോൾ മുൻപോട്ട് പോവുകയാണ്. ഒരു കോടി രൂപ വീതിച്ച് കിട്ടുമ്പോൾ കിട്ടുന്ന പരിമിതമായ പണത്തിൽ നിന്നാണ് ശമ്പളം കൊടുക്കുന്നത്. ഇവിടെ ക്ഷേത്ര ജീവനക്കാരുടെ ജീവിതവുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് നിരവധി സംഘടനകൾ സർക്കാരിന് നിവേദനം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട ടി.പി. രാമകൃഷ്ണനും ഈ സഭയിലുള്ള ശ്രീ. ചന്ദ്രമോഹൻ ഉൾപ്പെടെയുള്ള ആളുകളും നിവേദനം നൽകിയിട്ടുണ്ട്. തീർച്ചയായിട്ടും ഇത് ചർച്ച ചെയ്യുന്നതാണ്. ഒരു കാര്യം കൂടി പറയട്ടെ, ദേവസ്വം വകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെ ഒരു യോഗം ഈ മാസം 17-ാം തീയതി വിളിച്ചിട്ടുണ്ട്. തീർച്ചയായിട്ടും ശമ്പള പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് ക്ഷേത്ര ജീവനക്കാരുടെ സംഘടനാ നേതാക്കളുമായി 17-ാം തീയതി മീറ്റിംഗിന് ശേഷം ചർച്ച നടത്തുന്നതാണ്. അതുകൊണ്ട് ക്ഷേത്ര ജീവനക്കാരുടെ പ്രശ്നങ്ങൾക്ക് പൂർണ്ണ പരിഹാരമാകുമെന്ന് ഞാൻ പറയുന്നില്ല. ഗവൺമെന്റിനും പരിമിതിയുണ്ട്. അതോടൊപ്പം എച്ച്.ആർ.ആന്റ് സി.ഇ.-യുടെ കീഴിലുള്ള മലബാറിലെ ക്ഷേത്രങ്ങളുടെ സംരക്ഷണവും ആ ക്ഷേത്ര സംരക്ഷണത്തിലൂടെ ഇന്ന് കേരളത്തിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സാമുദായികമായ സഹിഷ്ണുതയും സൗഹാർദ്ദവും വീണ്ടെടുക്കുന്നതിന് വേണ്ടി ക്ഷേത്ര പരിസരങ്ങളെ പ്രാപ്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കൂടി ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ട്. വർത്തമാനകാലത്തെ ഒരു ദുരന്തം മനസ്സിൽ വച്ചുകൊണ്ട് ഞാൻ പറയട്ടെ, അതെല്ലാം ഗവൺമെന്റിന്റെ സജീവമായ പരിഗണനയിലാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങൾ ഗവൺമെന്റ് ഗൗരവമായിട്ടെടുക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, മലബാർ ദേവസ്വം എംപ്ലോയീസ് യൂണിയൻ, സി.ഐ.റ്റി.യു.വി.-ന്റെ നേതൃത്വത്തിൽ ഇന്ന് സെക്രട്ടേറിയറ്റ് പടിക്കൽ ജീവനക്കാരുടെ ദയനീയമായ പ്രശ്നങ്ങൾ ഉന്നയിച്ച് അവ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് വേണ്ടി ഒരു സമരം നടക്കുകയാണ്. അവർ ഉന്നയിച്ച ഡിമാന്റിന്റെ അടിസ്ഥാനത്തിലും അങ്ങ് ഇവിടെ പറഞ്ഞിട്ടുള്ള ഈ വിഷയങ്ങളുടെ അടിസ്ഥാനത്തിലും, പ്രത്യേകിച്ച് എച്ച്.ആർ.ആന്റ് സി.ഇ. പ്രകാരമുള്ള കാര്യങ്ങളെങ്കിലും നടപ്പിലാകുമോ ? ഞാൻ എച്ച്.ആർ ആന്റ് സി.ഇ. കമ്മീഷണറുടെ അടുത്ത് വിവരങ്ങൾ തിരക്കിയ സമയത്ത് അദ്ദേഹത്തിന്റെ ഓഫീസിൽ നിന്ന് പറയുന്നത്, ട്രസ്റ്റിമാർ ആവശ്യപ്പെട്ടെങ്കിലേ ശമ്പള വ്യവസ്ഥകൾ നടപ്പിലാക്കാൻ കഴിയൂ എന്നുള്ളതാണ്. അതിൽനിന്ന് വ്യത്യസ്തമായി എച്ച്.ആർ.ആന്റ് സി.ഇ. വ്യവസ്ഥ പൂർണ്ണമായും നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കാനുള്ള ഒരു സമീപനം സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ : പല നിയമങ്ങളും നമുക്ക് ഒരുപാട് പരിധി നിശ്ചയിക്കുന്നതാണ്. എച്ച്.ആർ ആന്റ് സി.ഇ. ആക്റ്റിൽ ചില അവകാശങ്ങൾ ട്രസ്റ്റിമാർക്കുണ്ട്. ട്രസ്റ്റിമാർ എങ്ങനെ കൊണ്ടുപോകുന്നു എന്നതിനെ ആശ്രയിച്ചായിരിക്കും ക്ഷേത്രങ്ങളിലെ ചുറ്റുപാടുകൾ. ബഹുമാനപ്പെട്ട ടി. പി. രാമകൃഷ്ണൻ പറഞ്ഞതുപോലെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ക്ഷേത്രജീവനക്കാരുടെ സംഘടനകൾ ഇന്നു സമരം നടത്തുന്നുണ്ട്. നേരത്തെ ശ്രീ. ടി.വി. ചന്ദ്രമോഹൻ, എം.എൽ.എ. തുടങ്ങിയവർ നേതൃത്വം നല്കുന്ന സംഘടനകൾ നൽകിയ നിവേദനങ്ങളും സർക്കാരിന് ലഭിച്ചിട്ടുണ്ട്. വളരെ താമസിയാതെ തന്നെ ജീവനക്കാരുടെ പ്രതിനിധികളുമായി ഈ വിഷയത്തെ കുറിച്ച് ചർച്ച നടത്തുന്നതാണ്.

(2) ഐ.ടി.ഐ.-കളും ഐ.ടി.സി.-കളും നവീകരിക്കേണ്ടതിന്റേയും പുതിയ കോഴ്സുകൾ ആരംഭിക്കേണ്ടതിന്റേയും ആവശ്യകത

ശ്രീ. ഷിബു ബേബിജോൺ : സർ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഏർപ്പെടുത്തുന്നതുവഴി തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാം എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ഞാൻ ഈ വിഷയത്തിലേക്ക് സഭയുടെ ശ്രദ്ധക്ഷണിക്കുന്നത്. ഇതിൽ എംപ്ലോയ്മെന്റും ട്രെയിനിംഗും തൊഴിൽ വകുപ്പ് മന്ത്രിയുടെ അധികാര പരിധിയിൽ ആയതുകൊണ്ട് അദ്ദേഹത്തിനാണ് നോട്ടീസ് കൊടുത്തത് എന്നാൽ വിദ്യാഭ്യാസ വകുപ്പ് മന്ത്രികൂടി ഇതിൽ ശ്രദ്ധപതിപ്പിച്ചെങ്കിൽ മാത്രമേ ഇത് ഫലപ്രദമാവുകയുള്ളു. തൊഴിലില്ലായ്മ അതിരുക്ഷമായി നിലനില്ക്കുകയാണ്, അതിന് പരിഹാരം കാണണമെന്ന കാര്യത്തെക്കുറിച്ച് ആർക്കും അഭിപ്രായവ്യത്യാസമില്ല. ഇതുവരെ നാം തൊഴിലില്ലായ്മയ്ക്ക് പരിഹാരം കണ്ടുകൊണ്ടിരുന്നത്, തൊഴിലില്ലാത്തവരെ തെരുവിലിറക്കി മുദ്രാവാക്യം വിളിപ്പിച്ച് അവർക്ക് തൊഴിൽ നൽകുക എന്ന സമ്പ്രദായത്തിലായിരുന്നു. അത് മാറിയിട്ട് 1950-ൽ ആദ്യമായിട്ട് തൊഴിലന്വേഷകർക്ക് ഇന്ത്യയിൽ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് നൽകിയത് കേരളമാണെങ്കിൽ ഇന്ന് ആ മേഖലയിൽ അയൽ സംസ്ഥാനങ്ങളേക്കാൾ പിന്നിലാണ് കേരളം. ആന്ധ്ര ഒന്നാംസ്ഥാനത്ത്. തമിഴ്നാട് രണ്ടാംസ്ഥാനത്ത്, കേരളം മൂന്നാംസ്ഥാനത്ത് എന്നിങ്ങനെയാണ്. സൗത്ത് ഇന്ത്യൻ സംസ്ഥാനങ്ങൾ നോക്കിയാൽ കേരളം പിന്തള്ളപ്പെട്ടിരിക്കുകയാണ്. ഇന്ന് നമ്മുടെ സ്കിൽഡ് ലേബറിന്റെ സ്ഥിതി പരിശോധിച്ചാൽ, ഗൾഫ് രാജ്യങ്ങളിൽ നിന്ന് അടുത്ത കാലത്ത് വന്ന റിപ്പോർട്ട് പ്രകാരം പണ്ട് 10 പേർ ഒരു ഇന്റർവ്യൂവിന് പോവുകയാണെങ്കിൽ മലയാളികൾ 8 പേർ ക്വാളിഫൈ ചെയ്യുമായിരുന്നു. എന്നാൽ ഇന്ന് 10 പേർ പോയിക്കഴിഞ്ഞാൽ രണ്ട് പേർ പോലും ക്വാളിഫൈചെയ്യാത്ത ഒരു സ്ഥിതിയിലേക്ക് അധഃപതിച്ചിരിക്കുകയാണ് എന്നു കാണാം. അതുകൊണ്ട് ഈ മേഖലയിൽ ഞാൻ പറഞ്ഞതുപോലെ തമിഴ്നാട് അടക്കമുള്ള സംസ്ഥാനങ്ങളിൽ അനേകം പുതിയ കോഴ്സുകൾ, ഇന്നത്തെ കോമ്പറ്റിറ്റീവ് ആയ സാഹചര്യത്തിൽ ഐ.ടി.ഐ. മേഖലയിലടക്കം വിവര സാങ്കേതിക വിദ്യയുടെ പ്രയോജനങ്ങൾ ഉൾപ്പെടുത്തി കൊണ്ട് അനേകം പുതിയ കോഴ്സുകൾ ആരംഭിച്ചിരിക്കുകയാണ്. ഏറ്റവും ഒടുവിൽ തമിഴ്നാട്ടിൽ വിഷ്വൽ മീഡിയയെക്കുറിച്ചുള്ള ഒരു കോഴ്സ്

10.00 AM]